പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4491
18.05.2017 ൽ മറുപടി നൽകേണ്ടത്

**ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ**

**ചോദ്യം**
ശ്രീ. എം നൗഷാദ്

**ഉത്തരം**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| ക്ഷേമനിധി പെൻഷൻ വങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ 600 രൂപയായി കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പെൻഷൻകാരുടെ നഷ്ടം പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 ജൂൺ മുതൽ പ്രതിമാസം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 1000 രൂപയായും ഏപ്രിൽ 2017 മുതൽ പ്രതിമാസം 1100 രൂപയായും ഉയർത്തുകയുണ്ടായി. എന്നാൽ നിലവിൽ സർക്കാർ ധനസഹായത്തോടെ നൽകുന്ന ക്ഷേമനിധി പെൻഷനും ഒന്നോ അതിലധികമോ സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങിവന്നിരുന്നവർക്ക് രണ്ട് പെൻഷൻ വാങ്ങാമെന്നും ഇതിൽ ക്ഷേമനിധി പെൻഷൻ ഉയർത്തിയ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഉയർത്തുന്നതിന് മുമ്പുള്ള, പ്രതിമാസം 600 രൂപ നിരക്കിലും തുടർന്നും ലഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് . അംഗപരിമിത പെൻഷൻ വാങ്ങുന്നവർക്ക് ഉയർത്തിയ നിരക്കിൽ മറ്റൊരു പെൻഷനും കൂടി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുവർക്ക് ക്ഷേമ നിധി പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷ പെൻഷൻ ഉയർന്ന നിരക്കിൽ ലഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ